ഡിജിറ്റൽ കാലത്തെ മലയാളമെഴുത്ത്

ഡിജിറ്റൽ കാലത്തെ മലയാളമെഴുത്ത്

കെ. വി. രജീഷ്

(മലയാളം: സാങ്കേതികസഹായി)

© 2020 K. V. Rajeesh

These electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Vattezhutthu in Thanjavur Brihadeeswara Temple, photograph by deadrat. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

ഉള്ളടക്കം 3

ചിത്രസൂചിക 4

1 ആമുഖം 5

2 മലയാള ലിപിസഞ്ചയങ്ങൾ (fonts) . 6

വിൻഡോസ് 6

മാക്ഓഎസ് 6

ഗ്നു/ലിനക്സ് 6

ഫെഡോറാ/റെഡ്ഹാറ്റ് അധിഷ്ഠിതം . 6

ഡെബിയൻ അധിഷ്ഠിതം . . 6

ഉബുണ്ടു 6

3 മലയാളം നിവേശന രീതികൾ 7

4 എഴുത്ത് രീതികൾ 8

ഇൻസ്റ്റിപ്റ്റ് 8

ലിപ്യന്തരണം 8

5 പ്രവർത്തകങ്ങൾ (applications) 9

6 വിൻഡോസ് 10

ഇൻസ്റ്റിപ്റ്റ് 10

ലിപ്യന്തരണം 10

7 മാക്ഓഎസ് 11

ഇൻസ്റ്റിപ്റ്റ് 11

ലിപ്യന്തരണം 11

8 ഐഓഎസ് 12

ഇൻസ്റ്റിപ്റ്റ് 12

ലിപ്യന്തരണം 12

കീബോഡ് സജ്ജീകരണം 12

9 ആൻഡ്രോയ്ഡ് 13

10 ഗ്നു/ലിനക്സ് 14

ഗ്നോം 14

കെഡിഇ 14

ചിത്രസൂചിക

1 ഇൻസ്ക്രിപ്റ്റ് കീബോഡ് വിന്യാസം. 8
2 വിൻഡോസ് 10 സജ്ജീകരണങ്ങളിൽ ഇൻസ്ക്രിപ്റ്റ് കീബോഡ് തിരഞ്ഞെടുക്കുന്ന വിധം. 10
3 വിൻഡോസ് 10 സജ്ജീകരണങ്ങളിൽ ലിപ്യന്തരണം കീബോഡ് തിരഞ്ഞെടുക്കുന്ന വിധം. 10
4 മാക്ഓഎസ് 10 സജ്ജീകരണങ്ങളിൽ ഇൻസ്ക്രിപ്റ്റ് കീബോഡ് തിരഞ്ഞെടുക്കുന്ന വിധം. 11
5 മാക്ഓഎസ് കീമാൻ സജ്ജീകരിക്കുന്ന വിധം. 11
6 ഐഓഎസ് കീബോഡ് സജ്ജീകരിക്കുന്ന വിധം. 12
7 ആൻഡ്രോയ്ഡ് ഇൻഡിക് കീബോഡ് സജ്ജീകരിക്കുന്ന വിധം. 13
8 ഗ്നോം3 പണിയിടത്തിൽ കീബോഡ് സജ്ജീകരിക്കുന്ന വിധം. 14
9 കെഡിഇ പണിയിടത്തിൽ കീബോഡ് സജ്ജീകരിക്കുന്ന വിധം. 14
10 കെഡിഇ പണിയിടത്തിൽ ഐബസ് ഓട്ടമാറ്റിക്കായി പ്രവർത്തിപ്പിക്കുന്ന വിധം. 14

1 ആമുഖം

കംപ്യൂട്ടർ, മൊബൈൽ ഫോൺ, റ്റാബ്ലറ്റ് എന്നിവ സന്തതസഹചാരിയായിക്കഴിഞ്ഞ ആധുനിക മലയാളിക്ക് സ്വന്തം ഭാഷയിൽ സംവദിക്കാൻ ഇന്ന് എളുപ്പമുള്ള പല വഴികളുണ്ട്. അവയിൽ ചിലത് പരിചയപ്പെടുത്താനും യുണികോഡ് മലയാളം നിവേശനം ചെയ്യുന്നതിന് ഒരു സഹായി എന്ന നിലയ്ക്കുമാണ് ഇതെഴുതുന്നത്.

ആവശ്യമുള്ള ഭാഗം മാത്രം പരിശോധിക്കാനും നിർദ്ദേശങ്ങൾ പിന്തുടരാനുമുള്ള സൗകര്യത്തിന് ഓരോ ഓപ്പറേറ്റിംഗ് പ്രവർത്തകങ്ങൾക്കും കീബോഡ് ശൈലിക്കും അനുസരിച്ചാണ് ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്.

2 മലയാള ലിപിസഞ്ചയങ്ങൾ (fonts)

തനതുലിപിയിലുള്ള മികച്ച മലയാളം യൂണികോഡ് ഫോണ്ടുകൾ ഇപ്പോൾ ലഭ്യമാണ്. [1] സ്വതന്ത്ര അനുമതിയിൽ ഡൗൺലോഡ് ചെയ്യുവാനും ഉപയോഗിക്കാനും പകർപ്പെടുക്കാനും പങ്കുവയ്ക്കുവാനും മാറ്റം വരുത്താനും വിതരണം ചെയ്യുവാനും സാധ്യമായ ചില ഫോണ്ടുകൾ പട്ടിക 1-ൽ കാണാം. ഇവ ഇൻസ്റ്റാൾ ചെയ്യുവാൻ ഓരോ ഓപ്പറേറ്റിംഗ് പ്രവർത്തകവുമനുസരിച്ചുള്ള വഴികളും താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1: സ്വതന്ത്രാനുമതിയിൽ ലഭ്യമായ ചില മലയാളം അക്ഷരസഞ്ചയങ്ങൾ.

ഫോണ്ട്	മാതൃക	ഡൗൺലോഡ് കണ്ണി
രചന	തനതുലിപി	https://smc.org.in/fonts/rachana
മീര	തനതുലിപി	https://smc.org.in/fonts/meera
സുന്ദർ	തനതുലിപി	http://rachana.org.in/downloads/RIT-Sundar.ttf

വിൻഡോസ്

ഡൗൺലോഡ് ചെയ്ത ഫോണ്ടുകൾ വലതു-ക്ലിക് ചെയ്ത് 'ഇൻസ്റ്റാൾ' ചെയ്യുക.

മാക്ഓഎസ്

ഡൗൺലോഡ് ചെയ്ത ഫോണ്ടുകൾ ഇരട്ട-ക്ലിക് ചെയ്ത് 'ഇൻസ്റ്റാൾ ഫോണ്ട്' ചെയ്യുക.

ഗ്നു/ലിനക്സ്

സോഫ്റ്റ്‌വെയർ മാനേജറിൽ 'rachana', 'meera' എന്നിവ തിരഞ്ഞ് ഇൻസ്റ്റാൾ ചെയ്യുക. ഡൗൺലോഡ് ചെയ്ത ഫോണ്ടുകൾ വലതു-ക്ലിക് ചെയ്ത് 'ഇൻസ്റ്റാൾ' ചെയ്യാവുന്നതാണ്. കമാൻഡ് ലൈൻ ഉപയോഗിക്കുന്നുവെങ്കിൽ അതിനുള്ള വഴികൾ ഓരോ വിതരണത്തിനും വേണ്ടത് താഴെ കൊടുത്തിരിക്കുന്നു.

ഫെഡോറാ/റെഡ്ഹാറ്റ് അധിഷ്ഠിതം

```
dnf install smc-{rachana,meera}-fonts
```

ഡെബിയൻ അധിഷ്ഠിതം

```
apt-get install fonts-smc-{rachana,meera}
```

ഉബുണ്ടു

```
sudo add-apt-repository ppa:smcproject/repo
sudo apt-get update
apt-get install fonts-smc-{rachana,meera}
```

നിങ്ങളുപയോഗിക്കുന്ന വിതരണത്തിൽ ലഭ്യമല്ലാത്ത ഫോണ്ടുകൾ ഡൗൺലോഡ് ചെയ്ത് ഈ കമാൻഡ് ഓടിച്ച് ഇൻസ്റ്റാൾ ചെയ്യുക:

```
sudo install -d -m 0755 /usr/share/fonts/malayalam
sudo install -m 0644 ~/Downloads/RIT-Sundar.ttf $_
```

3 മലയാളം നിവേശന രീതികൾ

ഏതുരീതിയിലായാലും അടിസ്ഥാന അക്ഷരങ്ങളും (അ, ക, ച, ...) സ്വരചിഹ്നങ്ങളും (ാ, ി, ു, ...) കൂട്ടക്ഷരമുണ്ടാക്കാൻ വിരാമചിഹ്നവും (്) ഉപയോഗിച്ചാണ് ഡിജിറ്റൽ എഴുത്ത്. ആസ്കി കാലഘട്ടത്തിലേ ഇൻസ്ക്രിപ്റ്റ് ഉപയോഗിച്ച പരിചയമുള്ളവർ യൂണികോഡിലേക്ക് വരുമ്പോൾ ആദ്യം മാറ്റം വരുത്തേണ്ട ഒരു കാര്യം പ്രസ്താവ്യമാണ് — സ്വരചിഹ്നങ്ങൾ വ്യഞ്ജനത്തിനു ശേഷമാണ് ടൈപ്പ് ചെയ്യേണ്ടത് — 'കേ' എന്നു കിട്ടാൻ 'ക േ' എന്നു വേണം ടൈപ്പ് ചെയ്യാൻ. ചുരുക്കത്തിൽ, ഉച്ചരിക്കുന്നതു പോലെ വേണം എഴുതാനും.

എഴുതാൻ വേണ്ട മറ്റു രണ്ട് പ്രധാന ചേരുവകളാണ് ജോയ്നർ/നോൺ-ജോയ്നർ. ചില സമയത്ത് കൂട്ടക്ഷരങ്ങൾ — പ്രത്യേകിച്ചും ചില്ലക്ഷരങ്ങൾ — ഉണ്ടാക്കാൻ ആണ് ജോയ്നർ (സാങ്കേതികമായി, zero width joiner അഥവാ `ZWJ`) ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് 'ന്, ്, `ZWJ` → ൻ'[2]. സാധാരണ ഗതിയിൽ കൂട്ടക്ഷരങ്ങളുണ്ടാകുന്നിടത്ത് അതുണ്ടാകാതിരിക്കാനാണ് നോൺ-ജോയ്നർ (സാങ്കേതികമായി, zero width non-joiner അഥവാ `ZWNJ`) ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് 'തമിഴ്, `ZWNJ`, നാട് → തമിഴ്നാട്' (`ZWNJ` ഇല്ലെങ്കിൽ അത് 'തമിഴ്ന്നാട്' ആയിപ്പോവും).

ഏതുരീതിയിൽ എഴുതിയാലും, അതു യൂണികോഡ് 'മലയാളം' ആയിത്തന്നെയാണ് കംപ്യൂട്ടറിൽ സൂക്ഷിക്കപ്പെടുക. യൂണികോഡിൽ ഓരോ അക്ഷരത്തിനും (കൂട്ടക്ഷരങ്ങൾക്കൊഴികെ) അനന്യമായ ഒരു കോഡ്[3] നല്കിയിരിക്കുന്നതു കാരണം ഒന്നിലധികം ഭാഷകളിലെ ഉള്ളടക്കം ഒറ്റ രേഖയിൽ (ഫയൽ) സൂക്ഷിക്കാം, പിന്നീട് തിരയാനും അകാരാദി ക്രമത്തിൽ അടുക്കാനുമെല്ലാം യൂണികോഡിൽ സൂക്ഷിക്കുന്നതു കാരണം സാധിക്കും. വിവരം ഭാവിയിലേയ്ക്ക് ശരിയായി സൂക്ഷിക്കപ്പെടുകയാണ് ഇതു വഴി.

---

1. സ്വതന്ത്രമായ മലയാളം യൂണികോഡ് ഫോണ്ടുകൾ `http://rachana.org.in`, `https://smc.org.in/fonts` എന്നിവിടങ്ങളിൽ ലഭ്യമാണ്.

2. അറ്റോമിക് ചില്ല് എന്ന പേരിൽ 'ൻ' ഒന്നു മുഴുവനായും യൂണികോഡ് എൻകോഡ് ചെയ്തിട്ടുണ്ട്, അതിന്റെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും സൗകര്യങ്ങളും ഇവിടെ വിശദീകരിക്കുന്നില്ല.

3. മലയാളലിപിയിലെ സ്വര, വ്യഞ്ജന അക്ഷരങ്ങളും, സ്വരചിഹ്നങ്ങളും, ചില്ലക്ഷരങ്ങളും, അക്കങ്ങളും, ഭിന്നസംഖ്യകളും പുരാതനമായ ചിഹ്നങ്ങളുമൊക്കെയാണ് യൂണികോഡ് 'എൻകോഡ്' (ഓരോ ചിഹ്നത്തിനും ഒരു അനന്യമായ കോഡ് നല്കുക) ചെയ്തിരിക്കുന്നത്. കൂട്ടക്ഷരങ്ങൾ അടിസ്ഥാന അക്ഷരങ്ങളും വിരാമചിഹ്നവും ചേന്നാണ് ചിത്രീകരിക്കപ്പെടുന്നത്; അവ പ്രത്യേകം 'എൻകോഡ്' ചെയ്തിട്ടില്ല. ഉദാഹരണത്തിന്, 'ക്ക' എന്ന കൂട്ടക്ഷരം 'ക, ്, ക' എന്നാണ് കംപ്യൂട്ടറിൽ സൂക്ഷിക്കപ്പെടുക. മലയാളം യൂണികോഡ് പട്ടിക: `www.unicode.org/charts/PDF/U0D00.pdf`

4 എഴുത്ത് രീതികൾ

ഭാരതീയ ഭാഷകൾ ടൈപ്പ് ചെയ്യാൻ പ്രധാനമായും രണ്ട് കീബോഡ് രീതികളാണുള്ളത് — 'ഇൻസ്ക്രിപ്റ്റ്', 'ലിപ്യന്തരണം' (transliteration) എന്നിവ. കൈയ്യെഴുത്ത് തിരിച്ചറിയുന്ന ജി-ബോഡ് പോലുള്ള സംവിധാനങ്ങളെ വിശദീകരിക്കുന്നില്ല.

ഇൻസ്ക്രിപ്റ്റ്

ടൈപ്പ്റൈറ്റിംഗ് പഠിച്ചവർക്കും ആദ്യകാല കംപ്യൂട്ടർ മലയാളം ഉപയോക്താക്കൾക്കും പരിചിതമായ രീതിയാണ് ഇൻസ്ക്രിപ്റ്റ്. അടിസ്ഥാന അക്ഷരങ്ങളും സ്വരചിഹ്നങ്ങളും കൂട്ടക്ഷരമുണ്ടാക്കാൻ വിരാമചിഹ്നവും പ്രത്യേകരീതിയിൽ ഇംഗ്ലീഷ് അക്ഷരങ്ങളുടെ സ്ഥാനത്ത് വിന്യസിച്ചിരിക്കുന്നതാണ് ഇതിന്റെ രീതി (ചിത്രം 1 കാണുക). 'കസേര' എന്നെഴുതാൻ '`k` `m` `s` `j`' എന്ന കട്ടകൾ വേണം അമർത്താൻ.

ചിത്രം 1: ഇൻസ്ക്രിപ്റ്റ് കീബോഡ് വിന്യാസം. *ഉറവിടം: കേരള സർക്കാർ.*



ലിപ്യന്തരണം

ലാറ്റിൻ അക്ഷരങ്ങളുപയോഗിച്ച തന്നെ മലയാളം എഴുതുന്ന ('മംഗ്ലീഷ്') രീതിയാണ് ലിപ്യന്തരണം. 'കസേര' എന്നെഴുതാൻ '`k` `a` `s` `E` `r` `a`' എന്നു ടൈപ്പ് ചെയ്യുന്ന രീതി. ഇതിനു പൊതുവേ പാലിക്കുന്ന ഒരു സമ്പ്രദായമാണ് 'മൊഴി' (പട്ടിക കാണുക).

സ്വരങ്ങൾ			
അ	ആ	ഇ	ഈ
a	aa A	i	ii I ee
	ാ	ി	ീ
ഉ	ഊ	ഋ	ഌ
u	uu U oo	R^	l^^
ു	ൂ	ൃ	
എ	ഏ	ഐ	ഒ
e	E	ai	o
െ	േ	ൈ	ൊ
ഓ	ഔ	അം	അഃ
O	au	aM am_	aH
ോ	ൗ ൌ	ം	ഃ

വ്യഞ്ജനങ്ങൾ				
ക	ഖ	ഗ	ഘ	ങ
k	kh	g	gh	ng
ച	ഛ	ജ	ഝ	ഞ
ch	Ch chh	j	jh	nj
ട	ഠ	ഡ	ഢ	ണ
T	Th	D	Dh	N
ത	ഥ	ദ	ധ	ന
th	thh	d	dh	n
പ	ഫ	ബ	ഭ	മ
p	f	b	bh	m

യ	ര	ല	വ	ശ	ഷ
y	r	l	v	z S	sh
സ	ഹ	ള	ഴ	റ	
s	h	L	zh	R	
ങ്ക	ന്റെ	റ്റ	ക്ഷ	ക്യൂ	ഞ്ച
nk	nte	t	x	Q	nch

ചില്ലുകൾ					
ൻ	ൺ	ൽ	ൾ	ർ	്
n_	N_	l_	L_	r_	R_

മലയാള അക്കങ്ങൾ					
൧	൨	൩	൪	൫	൬
=1	=2	=3	=4	=5	=6
൭	൮	൯	൦		
=7	=8	=9	=0		

ചില കൂട്ടക്ഷരങ്ങൾ	
തമിഴ്നാട്	thamizh_nAT
മഞ്ഞ്	manjnj
അവള് / അവന്	avaL~ / avan~
ധൃഷ്ടദ്യുമ്നൻ	dhR^shtadyumnan

5 പ്രവർത്തകങ്ങൾ (applications)

ഇംഗ്ലീഷ്-ഇതര ഭാഷകളിൽ ടൈപ്പ് ചെയ്യുവാൻ പല ഓപ്പറേറ്റിംഗ് പ്രവർത്തകങ്ങളിലും പല സോഫ്റ്റ്‌വെയറുകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇന്ന് (2020) മിക്ക ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിലും സ്വതവേ 'ഇൻസ്ക്രിപ്റ്റ്' കീബോഡ് ഉണ്ടാവാറുണ്ട് (ഉദാ: വിൻഡോസ് 10, മാക് ഓഎസ് 10, ഐഓഎസ്, ...). ലിപ്യന്തരണം വേണമെന്നുണ്ടെങ്കിൽ അത്തരം കീബോഡ് പിന്തുണയ്ക്ക് പ്രത്യേകം സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യേണ്ടി വരും. മിക്ക ഓപ്പറേറ്റിംഗ് പ്രവർത്തകങ്ങളിലും ഒന്നിലധികം കീബോഡ് വിന്യാസം തിരഞ്ഞെടുക്കാൻ സാധിക്കും, (ഉദാ: ഇംഗ്ലീഷ്, മലയാളം, ദേവനാഗരി). അവ തമ്മിൽ അന്യോന്യം മാറ്റാൻ `Win` + `space` (മാക് ഉപയോഗിക്കുമ്പോൾ `⌘` + `space`) എന്ന കട്ടകൾ ഉപയോഗിക്കാം.

6 വിൻഡോസ്

വിൻഡോസ് ഉപയോഗിക്കുന്നവർ ആദ്യമേ ഒരു നല്ല മലയാളം അക്ഷരസഞ്ചയം (font) ഇൻസ്റ്റാൾ ചെയ്യുക (ഭാഗം 2 കാണുക).

ഇൻസ്ക്രിപ്റ്റ്

വിൻഡോസ് 10ൽ നേരത്തേ സൂചിപ്പിച്ചതു പോലെ, ഇൻസ്ക്രിപ്റ്റ് കീബോഡ് സ്വതവേയുണ്ട്, സജ്ജീകരണങ്ങളിൽ പ്രവർത്തനക്ഷമമാക്കിയാൽ മാത്രം മതി (ചിത്രം 2).

`Settings` → `Time & Language` → `Region & Language` → `Languages` → `Add language` → `Malayalam`

ചിത്രം 2: വിൻഡോസ് 10 സജ്ജീകരണങ്ങളിൽ ഇൻസ്ക്രിപ്റ്റ് കീബോഡ് തിരഞ്ഞെടുക്കുന്ന വിധം.















ലിപ്യന്തരണം

ലിപ്യന്തരണം ആണ് താല്പര്യമെങ്കിൽ കീമാൻ (https://keyman.com/keyboards/mozhi_malayalam), മൊഴി കീബോഡ് സഹിതം (Mozhi Malayalam + Keyman Desktop) ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക (ചിത്രം 3).

ചിത്രം 3: വിൻഡോസ് 10 സജ്ജീകരണങ്ങളിൽ ലിപ്യന്തരണം കീബോഡ് തിരഞ്ഞെടുക്കുന്ന വിധം.









7 മാക്ഓഎസ്

മാക് ഉപയോഗിക്കുന്നെങ്കിൽ കീബോഡ് വിന്യാസങ്ങൾ (ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക്; തിരിച്ചും) മാറ്റുവാൻ ⌘ + space എന്ന കട്ടകൾ ഉപയോഗിക്കാം. ഇൻസ്റ്റിപ്റ്റ് കീബോഡ് സ്വതവേ തന്നെ ലഭ്യമാണ്.

ഇൻസ്റ്റിപ്റ്റ്

ഇൻസ്റ്റിപ്റ്റ് കീബോഡ് ലഭ്യമാക്കാനുള്ള വഴി താഴെ കൊടുത്തിരിക്കുന്നു.

System Preferences → Keyboard → Input sources → Click on '+' sign → Malayalam

ചിത്രം 4: മാക്ഓഎസ് 10 സജ്ജീകരണങ്ങളിൽ ഇൻസ്റ്റിപ്റ്റ് കീബോഡ് തിരഞ്ഞെടുക്കുന്ന വിധം.



















ലിപ്യന്തരണം

കീമാൻ (https://keyman.com/mac/) ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക, തുടന്ന് കീമാൻ സജ്ജീകരണങ്ങളിൽ മലയാളം തിരഞ്ഞെടുത്ത് 'Download keyboard' ചെയ്യുക.

ചിത്രം 5: മാക്ഓഎസ് കീമാൻ സജ്ജീകരിക്കുന്ന വിധം.



8 ഐഓഎസ്

ഇൻസ്റ്റിപ്റ്റ്

ഇൻസ്റ്റിപ്റ്റ് കീബോഡ് ലഭ്യമാക്കാനുള്ള വഴി താഴെ കൊടുത്തിരിക്കുന്നു.

`Settings` → `General` → `Keyboard` → `Input sources` → Click on '`+`' sign → `Malayalam`

ലിപ്യന്തരണം

'Varamozhi' അപ്ലിക്കേഷൻ 'ആപ്പ്സ്റ്റോറിൽ' നിന്ന് ഇൻസ്റ്റാൾ ചെയ്യുക.

`Settings` → `General` → `Keyboard` → `Keyboards` → `Add new keyboard` → `മലയാളം` — `Varamozhi`

കീബോഡ് സജ്ജീകരണം

കീബോഡ് സജ്ജീകരിക്കുന്നതിന്റെ ചിത്രം 6ൽ കാണാം.

ചിത്രം 6: ഐഓഎസ് കീബോഡ് സജ്ജീകരിക്കുന്ന വിധം.

9 ആൻഡ്രോയ്ഡ്

‘Indic Keyboard’ (https://play.google.com/store/apps/details?id=org.smc.inputmethod.indic) പ്ലേസ്റ്റോറിൽ നിന്നും ഇൻസ്റ്റാൾ ചെയ്യുക. തുടന്ന് നിർദ്ദേശങ്ങളനുസരിച്ച് ആവശ്യമുള്ള സെറ്റിങ്സുകൾ മാറ്റുക — ചിത്രം 7 നോക്കുക. വിശദമായ വഴികൾ കാണിക്കുന്ന ഒരു ചലച്ചിത്രം ഇവിടെ: https://www.youtube.com/watch?v=xLfVJ4ifJHs.

ചിത്രം 7: ആൻഡ്രോയ്ഡ് ഇൻഡിക് കീബോഡ് സജ്ജീകരിക്കുന്ന വിധം.

Indic Keyboard
Indic Project
Install
Rate this app
Tell others what you think
Write a review
Indic Keyboard
Indic Project
Uninstall
Open
What's new
Last updated Jul 27, 2020
Indic Keyboard v3
- New Emojis
- Option to turn on Number Row....
7:59
44%
Welcome to Indic Keyboard
नमस्ते
വണക്കം
নমস্কার
ನಮಸ್ಕಾರ
నమస్కారం
ᱥᱚᱞᱤᱞᱚᱠᱚᱞ
ᨿᨾᨾᨾ

10 ശാസ്ത്രമാസിക

ശാസ്ത്രമാസിക ഇംഗ്ലീഷിലാണോ (ഫോണ്ടോ, സ്പെലിങ്ങോ, ഇമോജി, ആപ്പിൾ...) വിഷമപ്പെടുന്നുണ്ടോ? എന്നാൽ നോക്കൂ ഫോണ്ടിന്റെ മിക്കവാറും ഇതിനുള്ള പരിഹാരമായി ഫോണ്ടിന്റെ പേരായി നൽകുക. ആവശ്യമുള്ളവർക്ക് ഇംഗ്ലീഷിലുള്ള ഫോണ്ടുകൾ വിവരണം (ഡിസ്ക്രിപ്ഷൻ) അനുസരിച്ച് നിർദ്ദേശങ്ങൾ (കമാന്റുകൾ) കൊടുത്ത് ഇന്റർനെറ്റിൽ കയറി ഇൻസ്റ്റാൾ ചെയ്യുക.

```
( sudo apt install -y fonts-*
```

സ്വന്തം

സ്വന്തം ഫോണ്ടിലേക്കോ ഭാഷയിലേക്കോ ഇമോജിയിലേക്കോ മാറ്റാനുള്ള ഇന്റർപ്രിട്ടർ.ഗൂഗിളിലെ നിലവിലുള്ള ഫോണ്ടുകൾ ഇന്ത്യൻ ഭാഷകൾ ഉൾക്കൊള്ളിക്കാനുള്ള ഇന്റർപ്രിട്ടർ (ഫിഷ്).

```
Settings → Region & Languages →
Input sources →
Click on ' + ' sign → Malayalam
```

Win + space കുത്തുക അതിൽനിന്നോ മലയാളം ഇംഗ്ലീഷ് ലേഔട്ടുകൾ അനുസൃതം മാറ്റാം.

ചിത്രം 8: സ്വന്തം പണിയിടത്തിൽ ലിബ്രേഓഫീസ് സജ്ജീകരിക്കാനുള്ള നിലപാടുകൾ







ലൈബ്രറി

ലൈബ്രറി പണിയിടത്തിൽ വാട്ടർമാരെ ലോക്കൽ നിലവിലുള്ളിലേക്ക് കറക്കി കാണുക്കൾ ചെയ്യാനായി

1. 'libre-wifi' ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക (ഭാഗം 10 കാണുക).
2. 'libre-netac' എന്ന ഫയലും ഓൾഡാക്കുക.
3. 'Input Method' എന്ന തുമ്പിൽ നിന്നോ 'Add' അമർത്തുക.
4. 'മലയാളം' നിലവെന്നുത്തി ചേർക്കുക.
5. ഇനി പാനലിൽ വലതു-ക്ലിക്ക് ചെയ്ത് 'Add widgets' എന്നതിൽ അമർത്തി 'Input Method panel' ചേർക്കുക.
6. ലോഗിൻ ചെയ്യേണ്ടവർ ഓട്ടോസ്റ്റാർട്ടാക്കി ഐക്കണ് ഓൾഡാക്കാനായി

```
Settings → Startup and Shutdown →
Autostart → Add Program →
/bin/bash -c -- 'sqsoft/var/libexec/kimpanel /bin/qsmi
```

എന്നത് കൊടുത്ത് 'Add' കൊടുക്കുക.

ഇവിടെ '/var/libexec' എന്നായി ലൈബ്രറിയെ അഡ്ജസ്റ്റിങ് ചെയ്യുന്നതിലേക്കുള്ള

```
/usr/lib/x86_64-linux-gnu/libexec/
```

എന്ന മാറ്റാൻ ശ്രമിക്കുക.

```
7. echo -e 'export GTK_IM_MODULE=ibus
export XMODIFIERS=@im=ibus
export QT_IM_MODULE=ibus' >> ~/.bashrc
```

എന്ന കമാന്റ് ഓൾഡാക്കുക. വിവിധ അപ്ലിക്കേഷനുകൾക്കിൽ ശരിയായി കൊടുപ്പ ചെയ്യുവാനായിട്ടാണ്.

8. ലോഗൗട്ട് ചെയ്ത് ലോഗിൻ ചെയ്യുക.
9. Win + space കുത്തുക അമർത്തിയോ മലയാള ഇംഗ്ലീഷ് ലേഔട്ടുകൾ അനുസൃതം മാറ്റാം.

ചിത്രങ്ങൾ 4,5,6,7,8,9,10 പണിയിടത്തിൽ വിവരിക്കുന്നു.

ചിത്രം 9: ലൈബ്രറി പണിയിടത്തിൽ ലിബ്രേഓഫീസ് സജ്ജീകരിക്കാനുള്ള വഴികൾ

കെ. വി. രജീഷ്

പ്രോഗ്രാമർ, സാങ്കേതികവിദ്യാ വിദഗ്ധൻ. കംപ്യൂട്ടർ സയൻസിൽ ബിരുദാനന്തരബിരുദം. ഐബിഎമ്മിൽ പത്തുവർഷത്തോളം സോഫ്റ്റ്‌വെയർ ആർക്കിടെക്റ്റ് ആയി ജോലി ചെയ്തതിനു ശേഷം 2017 മുതൽ കേരളത്തിൽ ഒരു ഐ. ടി. സംരംഭം നയിക്കുന്നു.

ഗ്നു/ലിനക്സ്, ലിപി, യുണികോഡ്, ടൈപ്സെറ്റിംഗ്, ഭാഷാസാങ്കേതികത എന്നിവയിൽ നൈപുണ്യം. കംപ്യൂട്ടർ/മൊബൈൽ എന്നിവയിൽ മലയാളം ശരിയായി ചിത്രീകരിക്കുന്നതിനുള്ള സാങ്കേതികത്വത്തിൽ കാതലായ പങ്കു വഹിച്ചിട്ടുണ്ട്. അനവധി സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭങ്ങളിൽ സജീവമായി പ്രോഗ്രാമിങ് സംഭാവനകൾ നല്കുകയും സ്വതന്ത്ര പ്രസ്ഥാന പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്നു.

ഇന്ത്യയിലും യൂറോപ്പിലും ചിലയിടങ്ങളിൽ ജോലി ചെയ്തതിനു ശേഷം സ്വദേശമായ കണ്ണൂരിൽ താമസം.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.